ജില്ലാ അദാലത്ത് സമിതി യോഗം-

29/ 2/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശവും ചുവടെ ചേർക്കുന്നു.

പരാതി നം-CRTVPMC0167000029

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ.സിനിരീജ്. കെ.എസ്.,<br>രാജ് വിഹാർ, കുടപ്പനകുന്ന് പി.ഒ. |
| പരാതി വിഷയം | - | ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിനുള്ള<br>നടപടികൾ ത്വരിതപ്പെടുത്തണമെന്നുള്ള അപേക്ഷ |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം<br>ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ<br>ലോഗിനിൽ ലഭിച്ച CRTVPMC0167000029<br>ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

അപേക്ഷകനായ ശ്രീ. സിനിരാജിൻറെ അച്ഛനും അമ്മയും മരണപ്പെട്ടശേഷം അവർ താമസിച്ചുകൊണ്ടിരുന്ന കെട്ടിടത്തിൻറെ ഉടമസ്ഥാവകാശം അപേക്ഷകൻറെ പേരിലേയ്ക്ക് മാറ്റുവാനുള്ള അപേക്ഷയിന്മേൽ നടപടിയെടുക്കുവാൻ വൈകുന്നുവെന്നുള്ള പരാതി പരിശോധിക്കുകയുണ്ടായി. ടിയാൻറെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് ഉടമസ്ഥാവകാശം സംബന്ധിച്ച ഫയലിൽ അടിയന്തിര തീർപ്പ് കല്പിക്കുന്നതിന് തിരുവനന്തപുരം നഗരസഭയുടെ കുടപ്പനകുന്ന് സോണൽ ചാർജ് ഓഫീസറോട് ഉപദേശിച്ച് തീരുമാനിച്ചു.